




**പ്രലോഭനങ്ങൾക്കും ആർത്തികൾക്കും**
**അധികാരങ്ങൾക്കും കാമങ്ങൾക്കുമെതിരെയുള്ള**
**നിരന്തര സമരമായിരുന്നു ഗാന്ധിയുടെ ജീവിതം എന്നതുകൊണ്ട്**
**അതിന്റെ പ്രസക്തി ഒരിക്കലും നഷ്ടമാകുന്നില്ല.**

**ഡോ. കെ. അരവിന്ദാക്ഷൻ / കേരളീയം**

# അധികാര കാമനകളുമായുള്ള സംഘർഷം

**മൂല്യങ്ങൾക്കായുള്ള കടുംപിടുത്തവും ആസക്തികളെ തടഞ്ഞുനിർത്താനുള്ള ശ്രമവുമായിരുന്നു ഗാന്ധിയൻ ദർശനങ്ങളുടെ കാതൽ. മുതലാളിത്തം കൂടുതൽ വികസിക്കുകയും ആസക്തികൾ എല്ലാ തലങ്ങളിലേക്കും വ്യാപിക്കുകയും ചെയ്ത ഇന്നത്തെ ലോകക്രമത്തിൽ ഗാന്ധിയൻ ദർശനങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത്?**

ആഗോളവത്കരണത്തിന് ശേഷമുള്ള ലോകത്ത് ഗാന്ധിയൻ മൂല്യങ്ങൾക്ക് സ്ഥാനമില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. പ്രത്യേകിച്ച് കേരളം പോലെയുള്ള സമൂഹത്തിൽ. ഉത്പാദനം വളരെ കുറഞ്ഞ സമൂഹമാണ് നമ്മുടേത്. സേവനമേഖലയിൽ നിന്നുള്ള വരുമാനത്തിലൂടെയാണ് കേരളം മുന്നോട്ട് പോകുന്നത്. വിപണിയാണ് എല്ലാക്കാര്യങ്ങളെയും നിയന്ത്രിക്കുന്നത്. അതുകൊണ്ട് ഗാന്ധി പറയുന്നതുപോലെയുള്ള ആസക്തികളെ പിടിച്ചുനിർത്താൻ കഴിയുന്നതരത്തിലുള്ള ശക്തി കേരള സമൂഹത്തിനുണ്ടെന്ന് ഞാൻ കരുതുന്നില്ല. സ്വാതന്ത്ര്യാനന്തരകാലത്തും എഴുപതുകളിലുമെല്ലാം കേരളീയ സമൂഹത്തിൽ നിലനിന്നിരുന്ന മൂല്യങ്ങളെ 90കൾക്ക് ശേഷമുള്ള യുവതലമുറയിലേക്ക് പകർത്താൻ ഞാൻ അടക്കമുള്ള മുതിർന്ന തലമുറയ്ക്ക് കഴിയാതെപോയി. മൂല്യശോഷണത്തിന്റെ പ്രശ്നങ്ങൾ തിരിച്ചറിയുന്നവർക്ക് പോലും അതിനെക്കുറിച്ച് ചിന്തിക്കുന്നതിനും പരസ്പരം സംസാരിക്കുന്നതിനും സമയമില്ലാത്ത അവസ്ഥയാണ് കേരളത്തിൽ നിലനിൽക്കുന്നത്. ജനം കാർണിവലുകൾ ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം കാർണിവലുകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നയങ്ങളാണ് സർക്കാറുകൾ പിന്തുടരുന്നത്. മറിച്ചുള്ള ആലോചനകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഭവിക്കുന്നുണ്ടെങ്കിലും കേരളം അതിനോടെല്ലാം മുഖംതിരിഞ്ഞു നിൽക്കുകയാണ്.

ആസക്തികളിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ ഓരോ വ്യക്തിയും തീരുമാനിക്കുമ്പോഴാണ് ഗാന്ധിയൻ മൂല്യങ്ങൾക്ക് പ്രസക്തിയുണ്ടാകുന്നത്. നിർഭാഗ്യവശാൽ കേരളത്തിൽ അത് സംഭവിക്കുന്നില്ല. മലയാളികൾ അവനവനിലേക്കും കണ്ണ്, നാവ്, ലിംഗം തുടങ്ങിയ അവനവന്റെ

തന്നെ ചില അവയവങ്ങളിലേക്കും ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. അമർത്തപ്പെട്ട ലൈഗിംകവികാരങ്ങളുടെ പൊട്ടിത്തെറികളാണ് കേരളത്തിൽ ഇപ്പോൾ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഗാന്ധിയൻ മൂല്യങ്ങളെക്കുറിച്ചുള്ള ഒറ്റപ്പെട്ട അന്വേഷണങ്ങൾ നടക്കുന്നുണ്ടെങ്കിലും പൊതുസമൂഹം എന്ന നിലയിൽ ഗാന്ധിയെ ഉൾക്കൊള്ളാൻ കേരളത്തിന് കഴിയാത്ത സ്ഥിതിയാണുള്ളത്. ഗാന്ധിയൻ മൂല്യങ്ങളുടെ പ്രശ്നമല്ല അത്. ഗാന്ധിയൻ മൂല്യങ്ങളെ ഉൾക്കൊള്ളാൻ പ്രാപ്തിയില്ലാത്ത ധാതുക്ഷയം സംഭവിച്ച സമൂഹമാണ് നമ്മുടേത്. എന്നാൽ ഗാന്ധിയൻ മൂല്യങ്ങൾക്ക് എക്കാലത്തും ഏത് സമൂഹത്തിലും പ്രസക്തിയുണ്ടാകും. ഗാന്ധിയെന്ന വ്യക്തിയായതുകൊണ്ടല്ല, പ്രലോഭനങ്ങൾക്കും ആർത്തികൾക്കും അധികാരങ്ങൾക്കും കാമങ്ങൾക്കും തിന്മകൾക്കുമെതിരെയുള്ള നിരന്തര സമരമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം എന്നതുകൊണ്ട് അതിന്റെ പ്രസക്തി ഒരിക്കലും ഇല്ലാതെയാകുന്നില്ല.

**ഗാന്ധിയൻ മൂല്യങ്ങൾക്ക് പ്രസക്തിയുണ്ടെങ്കിലും അവയ്ക്ക് സാമൂഹികമായി നിലനിൽക്കാൻ കഴിയില്ലെന്നാണോ കേരളത്തിന്റെ ഈ അനുഭവങ്ങളിൽ നിന്നും വ്യക്തമാകുന്നത്? ഓരോ വ്യക്തിയും മൂല്യങ്ങളിൽ ഉറച്ചുനിന്നാൽ മാത്രമേ സാമൂഹിക മാറ്റമുണ്ടാവുകയുള്ളൂ എന്നത് തികച്ചും ആദർശവാദപരമായ (ideal) അവസ്ഥയല്ലേ? അതിനുള്ള പ്രാപ്തി സമൂഹത്തിലെല്ലാവർക്കുമുണ്ടോ?**


മഹാഭൂരിപക്ഷം ആളുകളും മൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരല്ല എന്നതാണ് പ്രശ്നം. മൂല്യങ്ങൾക്കനുസരിച്ച് ചലിക്കാനുള്ള പരിചയവും സമൂഹത്തിനില്ല. ഗാന്ധിയുടെ കാലത്തും അതുതന്നെയായിരുന്നു അവസ്ഥ. എന്നാൽ മൂല്യങ്ങളെ സമൂഹത്തിൽ വ്യാപിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ഗാന്ധി നിരന്തരമായി സമരം ചെയ്തിരുന്നു. ഗാന്ധിയുടെ എല്ലാ സത്യാഗ്രഹ സമരങ്ങളുടെയും ലക്ഷ്യം അതായിരുന്നു. പക്ഷെ ചമ്പാരൻ മുതൽ ദണ്ഡി വരെയുള്ള ഗാന്ധിയുടെ സമരങ്ങളെ നമ്മൾ ഒരു പ്രത്യേക കാലത്തിലും ഇടത്തിലുമായി ഒതുക്കി. നിരന്തരം നവീകരിക്കേണ്ടതും തുടരേണ്ടതുമായ സമരങ്ങളായാണ് ഗാന്ധി അവയെ കണ്ടിരുന്നത്. ഗാന്ധിയുടെ വീക്ഷണത്തിൽ ഒരോ വ്യക്തിയും ജീവിതാന്ത്യം വരെ സത്യാഗ്രഹികളാണ്. അധികാരത്തിന്റെ പ്രലോഭനങ്ങളെ മറികടക്കാനായുള്ള സമരം ഓരോ വ്യക്തിയുടെയും ഉള്ളിൽ സംഭവിക്കണമെന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്. അധികാരമെന്ന കാമവുമായുള്ള സംഘർഷം പൊതുജീവിതത്തിൽ പ്രധാനമാണെന്ന് കരുതിയ ഗാന്ധി അതിനുവേണ്ടിയുള്ള കൂട്ടായപ്രവർത്തനങ്ങൾ സമൂഹത്തിൽ വ്യാപിപ്പിക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ സ്വാതന്ത്ര്യസമരകാലത്ത് പോലും പൊതുജനങ്ങൾ അത്തരമൊരു ജാഗ്രതയിലേക്ക് വരുന്നില്ല എന്നത് അദ്ദേഹത്തെ വേദനിപ്പിച്ചിരുന്നു. മൂല്യങ്ങളെക്കുറിച്ച് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയാണ് വേണ്ടത്. എന്നാൽ മൂല്യങ്ങളെ ഉൾക്കൊള്ളുന്നതിനുള്ള പൊതുസമൂഹത്തിന്റെ ജാഗ്രതയെ കെടുത്തിക്കളയുന്ന ശക്തികൾ ഇന്ന് വളരെ സജീവമാണ് എന്നതാണ് പ്രശ്നം.

**വൈവിധ്യങ്ങൾ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ, അധികാരകാമത്തോട് വ്യക്തികൾ നടത്തുന്ന സമരം ഓരോ വ്യക്തിയുടെയും ശേഷിക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കില്ലേ?**

അധികാരകാമങ്ങൾക്കെതിരായ സമരം മനുഷ്യന്റെ അസ്തിത്വത്തിന്റെ പ്രശ്നമാണ്. സ്വന്തം അധികാര കാമങ്ങളെ തിരിച്ചറിയുക എന്നത് വ്യക്തിയുടെ നിലനിൽപ്പിന് പ്രധാനമാണ്. ദൈവത്തെ തിരിച്ചറിയുക എന്നതിന് തുല്യമാണ് അത്. വ്യക്തികളുടെ ശേഷിക്കനുസരിച്ച് വ്യത്യാസപ്പെടുമെങ്കിലും, ഓരോ വ്യക്തിയും അവരവരുടെ കഴിവുകൾക്കനുസരിച്ച് അധികാരകാമങ്ങൾക്കെതിരെ സമരം ചെയ്യേണ്ടതുണ്ട്.

**ഗാന്ധിക്ക് വളരെ ചെറുപ്പത്തിൽ തന്നെ ഉപരിപഠനത്തിനായി ബ്രിട്ടണിൽ പോകുന്നതിനും കൊളോണിയലിസത്തിന്റെ വ്യാപ്തി എന്താണെന്ന് നേരിട്ടറിയുന്നതിനും കഴിഞ്ഞിരുന്നു. ആധുനിക നാഗരികതയുടെ എല്ലാത്തരം അധികാരകാമനകളോടും നേരിട്ട് ഏറ്റുമുട്ടുന്നതിനുള്ള സാഹചര്യം അന്ന് അദ്ദേഹത്തിന് ലഭിച്ചു. പക്ഷെ അക്കാലത്തെ ബഹുഭൂരിപക്ഷം ഇന്ത്യാക്കാർക്കും ആധുനിക നാഗരികതയെക്കുറിച്ച് അത്തരമൊരു അനുഭവം കുറവായിരുന്നല്ലോ. കാമനകളോട് ജാഗ്രത പുലർത്താൻ അവരോട് ആവശ്യപ്പെടാൻ ഗാന്ധിക്ക് എങ്ങനെയാണ് കഴിഞ്ഞത്?**

മൂന്ന് വൻകരകളിലായാണ് ഗാന്ധിജിയുടെ ജീവിതം രൂപപ്പെടുന്നത്. യൂറോപ്യൻ നാഗരികതയുടെ എല്ലാ പ്രലോഭനങ്ങളെയും ഗാന്ധിജിക്ക് നേരിടേണ്ടി വരുന്നുണ്ട്. അമ്മയ്ക്ക് മൂന്ന് പ്രതിജ്ഞകൾ നൽകിയ ശേഷമാണ് ഗാന്ധി കടൽകടന്നു പോകുന്നത്. മദ്യം കഴിക്കില്ല, മാംസാഹാരം കഴിക്കില്ല, പരസ്ത്രീകളെ കാമിക്കില്ല തുടങ്ങിയ ആ മൂന്ന് വ്രതങ്ങൾ പാലിക്കാനുള്ള ശ്രമമായിരുന്നു തുടർന്ന് അദ്ദേഹത്തിന്റെ ജീവിതം. ഈ പ്രലോഭനങ്ങൾക്കെല്ലാം അടുത്തുകൂടി അദ്ദേഹം കടന്നുപോകുന്നുണ്ട്. എല്ലാം അദ്ദേഹം അതിജീവിക്കുന്നുമുണ്ട്. ഗാന്ധിയെ മാത്രം ബാധിക്കുന്ന കാര്യങ്ങളായിരുന്നില്ല അവ. സമൂഹത്തിന്റെ എല്ലാതലങ്ങളിലുമുള്ളവർ മറികടക്കേണ്ട അധികാര കാമനകളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. സാർവ്വലൗകികമായ പ്രശ്നമാണ് ഗാന്ധി അവതരിപ്പിച്ചത്. നാഗരികതയുടെ പ്രശ്നങ്ങൾ നേരിൽ മനസിലാക്കാത്തവർക്കും അത് ബാധകമായിരുന്നു. അന്ന് ഗാന്ധി തിരിച്ചറിഞ്ഞ നാഗരികതയുടെ പ്രശ്നങ്ങൾ ഇന്ന് നമ്മൾ നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അധികാരത്തോടുള്ള ഒരു സംഘർഷം നമ്മുടെ ഉള്ളിൽ രൂപപ്പെടാത്തതുകൊണ്ടാണ് നമുക്ക് അത് മറികടക്കാൻ കഴിയാത്തത്. നിത്യജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും അധികാരവുമായി ബന്ധപ്പെട്ടതാണ്. അധികാരവുമായി ഏറ്റുമുട്ടേണ്ടിവരുമ്പോൾ നിങ്ങൾ ഏത് പക്ഷത്ത് നിൽക്കുന്നു എന്ന തെരഞ്ഞെടുപ്പ് പ്രധാനമാണ്. അധികാരവുമായി കൂറുപുലർത്തി, അതിന്റെ ഉപകരണമായി നിൽക്കാനാണ് നമ്മൾ ഇന്ന് താത്പര്യം കാണിക്കുന്നത്. ഗാന്ധിയെന്ന പേരുമായല്ല, ഗാന്ധികൊണ്ടു



**അധികാരകാമങ്ങൾക്കെതിരായ സമരം മനുഷ്യന്റെ അസ്തിത്വത്തിന്റെ പ്രശ്നമാണ്. സ്വന്തം അധികാര കാമങ്ങളെ തിരിച്ചറിയുക എന്നത് വ്യക്തിയുടെ നിലനിൽപ്പിന് പ്രധാനമാണ്. ദൈവത്തെ തിരിച്ചറിയുക എന്നതിന് തുല്യമാണ് അത്**

വന്ന മൂല്യങ്ങളുമായി നിത്യജീവിതത്തിൽ ഓരോ മനുഷ്യനും എങ്ങനെ ഇടപെടുന്നു എന്നതാണ് പ്രധാനം.

**സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ രൂപംകൊണ്ട എല്ലാ ഭരണകൂടങ്ങളും അധികാരസ്ഥാപനങ്ങളും ഗാന്ധിയൻ ദർശനങ്ങൾക്ക് വിപരീതമായാണ് സഞ്ചരിച്ചിട്ടുള്ളത്. ഭരണകൂടം കൂടുതൽ ശക്തമായിത്തീർന്ന ശേഷം അവരുടെ ഏകപക്ഷീയമായ അധികാരപ്രയോഗങ്ങൾക്കെതിരെ സംഘടിക്കുന്ന ജനങ്ങളായിരുന്നു പിന്നീട് ഗാന്ധിയൻ ദർശനങ്ങളോടും സമരരൂപങ്ങളോടും കൂടുതൽ ഐക്യപ്പെട്ടത്. സമകാലിക ഇന്ത്യയിൽ ഗാന്ധി പ്രസക്തമാകുന്നത് ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ മുൻകൈയിൽ നടക്കുന്ന അഹിംസാത്മക സമരങ്ങളിലൂടെയാണോ?**

രണ്ട് തരത്തിൽ ഗാന്ധി പ്രസക്തമാകുന്നുണ്ട്. ഒന്ന് വ്യക്തിജീവിതത്തിൽ പാലിക്കുന്ന ധാർമ്മികതയിലൂടെ. രണ്ട് നിങ്ങൾ സൂചിപ്പിച്ച അഹിംസാത്മക സമരങ്ങളിലൂടെ. ഗാന്ധിയൻ സത്യാഗ്രഹ സമരങ്ങളുടെ വളർച്ചയും വികാസവും ചില അഹിംസാത്മക സമരങ്ങളിൽ ദൃശ്യമാകുന്നുണ്ട്. ഗാന്ധിക്ക് ശേഷം ജയപ്രകാശ് നാരായണനായിരുന്നു അഹിംസാത്മക സമരങ്ങളെ കൂടുതൽ വികസിപ്പിച്ചത്. അധിനിവേശ രാജ്യത്തിനെതിരെ സമരം ചെയ്യുന്നതിനേക്കാൾ പ്രയാസമായിരുന്നു ജനാധിപത്യരാജ്യത്തിന്റെ അധിനിവേശത്തിനെതിരെ സമരം ചെയ്യുക എന്നത്. ആ ദൗത്യമാണ് ജയപ്രകാശ് ഏറ്റെടുത്തത്.

അഹിംസാത്മക സമരങ്ങളെ പരിഗണിക്കാതിരിക്കുക എന്ന തന്ത്രമാണ് ഇപ്പോൾ ഭരണകൂടം പ്രയോഗിക്കുന്നത്. ബ്രിട്ടീഷ് ഭരണത്തിനുണ്ടായിരുന്ന സിവിക്ബോധം പോലും അവർക്കില്ല. സത്യാഗ്രഹ സമരത്തെ ഭരണകൂടം പരിഗണിക്കാതിരിക്കുന്നതുകൊണ്ട് സത്യാഗ്രഹി മരിച്ചുപോകുന്ന സാഹചര്യം വരെ ഇന്ത്യയിലുണ്ടായി. ഇറോം ഷർമ്മിളയോടും കൂടംകുളത്ത് നടക്കുന്ന ശക്തമായ അഹിംസാത്മക സമരത്തോടും അതാണ് അവർ ചെയ്യുന്നത്. ഭരണകൂടത്തിന്റെ അവഗണനയെ മറികടക്കുന്ന തരത്തിൽ സത്യാഗ്രഹ സമരങ്ങളെ അച്ചടക്കത്തോടെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

**അറബ് വസന്തവും അണ്ണാ ഹസാരെയുടെ സമരവും ഉൾപ്പെടെ പോയവർഷം ലോകത്തെമ്പാടുമുണ്ടായ അഹിംസാത്മക മുന്നേറ്റങ്ങളെ ഗാന്ധിയൻ സമരമാർഗ്ഗങ്ങളുടെ സമകാലിക രൂപങ്ങളായി താങ്കൾ പരിഗണിക്കുന്നുണ്ടോ?**

തീർച്ചയായും അഹിംസാത്മക സമരങ്ങളുടെ പ്രസക്തി തന്നെയാണ് അവിടെയെല്ലാം ദൃശ്യമായത്. ഗാന്ധിയൻ അഹിംസാത്മക സമരങ്ങളുടെ സത്ത ഉൾക്കൊണ്ട ജെനെ ഷാർപ്പ് എന്ന ചിന്തകന്റെ എഴുത്തുകളാണ് ഈജിപ്തിൽ നടന്ന മുന്നേറ്റങ്ങൾക്ക് പ്രചോദനമായത്. എന്നാൽ ഏകാധിപത്യ ഭരണം അവസാനിപ്പിക്കാൻ കാരണമായിത്തീർന്ന ആ അഹിംസാത്മക സമരങ്ങളെല്ലാം പിന്നീട് മതാന്ധത ബാധിച്ച ഭരണകൂടങ്ങളെ സ്ഥാപിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. അഹിംസയുടെ ശരിയായ ഊർജ്ജം നിലനിർത്താൻ ആ സമരങ്ങൾക്ക് കഴിയാതെ പോയി.

ഹസാരെയുടെ സത്യാഗ്രഹത്തിനും അത് സംഭവിച്ചു. അഴിമതി നിത്യജീവിതത്തിൽ എല്ലാവരെയും ബാധിക്കുന്ന കാര്യമാണ്. എന്നിട്ടും വേണ്ടത്ര ഫലപ്രദമായി മുന്നോട്ട് പോകാൻ പൊതുസമൂഹത്തിന്റെ പ്രതിനിധികൾക്ക് കഴിഞ്ഞില്ല. പാർലമെന്റിൽ ലോക്പാൽ ബിൽ പരാജയപ്പെടുകയാണുണ്ടാത്. അത് യാഥാർത്ഥ്യമാക്കാനുള്ള ആത്മീയമായ ഊർജ്ജം ഹസാരെയ്ക്ക് ഉള്ളതായി തോന്നിയില്ല. ഗാന്ധി നല്ല തന്ത്രശാലിയായിരുന്നു. ഒപ്പം ആത്മീയ ഊർജ്ജവും ക്രാന്തദർശിത്വമുണ്ടായിരുന്നു. ടീം അണ്ണയ്ക്ക് അതൊന്നുമില്ലാത്തതിനാൽ സർക്കാർ ഉദ്ദേശിച്ചിടത്തേത്ത് കാര്യങ്ങളെത്തി. അണ്ണാ ഹസാരെയുടെ പ്രവർത്തനത്തെക്കുറിച്ച് പോലും ഒരു സുസമ്മതിയുണ്ടാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അപാരമായ നീതിബോധം കൊണ്ട് ഗാന്ധിക്ക് അത് സാധിച്ചു. ജനങ്ങളിലേക്കെത്താനുള്ള ഒരു മീഡിയം എന്ന നിലയിൽ നേതൃത്വം വളരെ പ്രധാനമാണ്. ഓരോ സത്യാഗ്രഹങ്ങൾക്കും പല നേതൃത്വങ്ങളെയായിരുന്നു ഗാന്ധി നിയോഗിച്ചിരുന്നത്.

സത്യാഗ്രഹ സമരം കഴിയുന്നതോടെ സ്വാഭാവികമായും ആ നേതൃത്വനിര മറ്റ് നിർമ്മാണാത്മക പ്രവർത്തനങ്ങളിലേക്ക് വഴിമാറും. ആ രീതിയിൽ ഗാന്ധി നേതൃത്വങ്ങളെ സ്ഥിര മായി പുതുക്കിപ്പണിതുകൊണ്ടേയിരുന്നു. ധാർമ്മികതയും നീതിബോധവും കാരുണ്യവുമുള്ളവരെ നേതൃത്വനിരയി ലേക്ക് കൊണ്ടുവരാൻ ഗാന്ധി ബോധപൂർവ്വം ശ്രമിച്ചിരുന്നു.

**ബ്രിട്ടീഷ് നിമയങ്ങൾ നിലനിന്നിരുന്ന സമയ ത്തായിരുന്നു ഗാന്ധി നിയമലംഘന സമരങ്ങൾ നടത്തിയത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഒരു പൊതുനിയമസംവിധാനം ജനാധിപത്യപരമായി ഇന്ത്യയിൽ രൂപീകരിക്കപ്പെടുകയുണ്ടായി. ഭര ണഘടനയോടുള്ള നിയമപരമായ ബാധ്യതകൾ നിറവേറ്റേണ്ട പൗരന്മാരായി സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ജനത മാറിയശേഷം നിയമലംഘന സമരങ്ങൾക്ക് പ്രസക്തിയുണ്ടോ? പ്ലാച്ചിമടയിൽ അടുത്തിടെ നടന്ന കൊക്കക്കോളയുടെ ആസ്തികൾ കണ്ടുകെട്ടുന്ന സമരത്തിൽ ചില പ്രവർത്തകർ നിയമം ലംഘിച്ച് കമ്പനിക്കു ള്ളിൽ പ്രവേശിച്ചത് അഹിംസാത്മകമായ നട പടിയാണെന്ന് കരുതുന്നുണ്ടോ? തുടർച്ചയായ നീതിനിഷേധത്തിനെതിരെ നിയമം ലംഘിച്ച് സമരം ചെയ്യുന്നത് അഹിംസാത്മകമാണോ?**

പ്ലാച്ചിമടയിൽ എന്താണ് സംഭവിച്ചതെന്ന് എനിക്കറിയില്ല. എന്നാൽ, നമ്മുടെ ഭരണഘടനയും നിയമസംവിധാനങ്ങളും കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ട ബാധ്യത ഭരണകൂട ങ്ങൾക്കും ജനങ്ങൾക്കുമുണ്ട്. വിവരാവകാശ നിയമമെല്ലാം സാധ്യമാകുന്നത് അത്തരം ഇടപെടലുകളിലൂടെയാണ്. ഭര ണഘടനയുടെ അടിത്തറയ്ക്ക് കോട്ടം തട്ടാതെ ഓരോ കാലത്തും അന്നത്തെ സാഹചര്യത്തിൽ എഴുത്തിച്ചേർത്ത നിയമങ്ങൾ നമുക്ക് പരിഷ്കരിക്കാൻ കഴിയണം. ജനവിരു ദ്ധമായ ചില നിയമങ്ങൾ ചിലപ്പോൾ അതിനായി ലംഘി ക്കേണ്ടിവരും. ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെ നിഷേധിക്കുന്നതരത്തിലുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞാൽ അതിനെ എതിർക്കണം. ചില സാഹചര്യങ്ങ ളിൽ നിയമം ലംഘിച്ചുകൊണ്ട് ആ എതിർപ്പ് പ്രകടിപ്പിക്കേ ണ്ടിവരും. അതിൽ ഹിംസയില്ല.

ജനങ്ങളുടെ ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെ ടുക എന്നാൽ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേ ധിക്കപ്പെടുന്നു എന്നാണ് അർത്ഥം. അപ്പോൾ ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തിനായി നിയമലംഘന സമരം നടത്തുന്നതുപോലും ഭരണഘടനയുടെ അന്തഃസത്ത സംര ക്ഷിക്കുന്നതിനുള്ള പ്രവർത്തനമായി മാറുന്നു. ഛത്തീസ്ഗ ഡിലും ഝാർഖണ്ഡിലും ഒറീസയിലുമെല്ലാം നടക്കുന്ന മാവോയിസ്റ്റ് സമരങ്ങൾക്ക് പിന്നിലും ഇതുതന്നെയാണ് സംഭ വിക്കുന്നത്. നിലവിലുള്ള നീതിന്യായ വ്യവസ്ഥ ജീവിക്കാ നുള്ള അവകാശത്തെ നിഷേധിക്കുമ്പോൾ ജനങ്ങൾ അവ ലംഘിക്കാൻ പ്രേരിതരാകുന്നു.

**പക്ഷെ, വൈക്കം സത്യാഗ്രഹം നടന്ന കാലത്ത് സത്യാഗ്രഹികൾ ക്ഷേത്രത്തിനുള്ളിൽ മതിൽചാടിക്കടന്ന് പ്രവേശിച്ചപ്പോൾ ഗാന്ധി അത് തെറ്റായിപ്പോയി എന്ന് പറഞ്ഞിരുന്നു. സത്യാഗ്രഹത്തിലൂടെ ശത്രുവിന്റെ മനഃപരി വർത്തനം നടത്തണം എന്നാണ് അദ്ദേഹം പറ ഞ്ഞിരുന്നത്. എന്നാൽ കൗശലത്തിലൂടെ ജന കീയ സമരങ്ങളെ നേരിടാൻ ശ്രമിക്കുന്ന ഇന്നത്തെ ഭരണകൂടങ്ങൾക്ക് മനഃപരിവർത്തനം സത്യാഗ്രഹത്തിലൂടെ സംഭവിക്കുമോ?**

പ്രയാസമാണ്. സത്യാഗ്രഹിയും ബുദ്ധിപൂർവ്വമുള്ള തന്ത്രങ്ങ ളിലൂടെയും വൈദഗ്ധ്യങ്ങളിലൂടെയും അതിനെ മറികട ക്കണം. ഭരണകൂടത്തെ മാത്രം സമീപിക്കാതെ കോടതികളി ലൂടെയും മാധ്യമങ്ങളിലൂടെയും ഇടപെടേണ്ടിവരും. ഗാന്ധി യുടെ കാലത്ത് ഇല്ലാതിരുന്നതിനേക്കാൾ വിശാലമായ മാധ്യമ ഇടവും സ്വാതന്ത്ര്യവും ഇന്ന് നമുക്കുണ്ട്. അത് ഉപയോഗ പ്പെടുത്തണം. പക്ഷെ പൊതുസമൂഹം ദുർബലമായിരിക്കുന്ന അവസ്ഥയിൽ എത്രത്തോളം ഫലപ്രദമായി ഇടപെടാൻ കഴിയും എന്നതാണ് സംശയമായി നിലനിൽക്കുന്നത്. പൊതു വികാരം ശക്തമായാൽ മാത്രമെ ഭരണകൂടത്തിനും അവരോട് ചേർന്നുനിൽക്കുന്ന മുതലാളിത്ത ശക്തികൾക്കും മനഃപരി വർത്തനമുണ്ടാവുകയുള്ളൂ.

**തദ്ദേശീയവിഭവങ്ങൾ ആ പ്രദേശത്ത് തന്നെ ഉപ യോഗിക്കുന്നതരത്തിലുള്ള, നാം നമ്മെതന്നെ ഭരിക്കുന്നതരത്തിലുള്ള സ്വരാജിനെക്കുറിച്ചാണ് ഗാന്ധി ഹിന്ദ്സ്വരാജിൽ പറയുന്നത്. പക്ഷെ സ്വാതന്ത്ര്യാനന്തരം, പല ദേശീയതകളെ കോർത്തിണക്കി ഇന്ത്യ ഒരു ദേശമായി രൂപപ്പെ ടുകയും മറ്റ് പല രാഷ്ട്രങ്ങളുമായി വിഭവങ്ങൾ കൈമാറുകയും വ്യാപാര ബന്ധത്തിൽ ഏർപ്പെ ടുകയും ചെയ്യുന്നതിലൂടെയാണ് ചലിക്കുന്നത്. രാഷ്ട്രമെന്ന രീതിയിലുള്ള ഭരണവ്യവസ്ഥ ഇന്ത്യയിൽ വളരെ ദൃഢമായി നിൽക്കുന്ന അവ സ്ഥയിൽ ഹിന്ദ്സ്വരാജ് പറയുന്ന സ്വരാജിന്റെ പ്രസക്തി എവിടെയാണ് അന്വേഷിക്കേണ്ടത്. ആ അന്വേഷണത്തിൽ തന്നെ വൈരുദ്ധ്യം നില നിൽക്കുന്നില്ലേ?**

തീർച്ചയായും വൈരുദ്ധ്യമുണ്ട്. ഹിന്ദ്സ്വരാജിന് പ്രസക്തി തന്നെയുണ്ടോ എന്ന് നമുക്ക് തോന്നിപ്പോകും. എന്നാൽ ഹിന്ദ്സ്വരാജിന് എല്ലാക്കാലത്തും ചില സാധ്യതകളുണ്ട്. അത് തീർച്ചയായും ഭാവിയിൽ ലോകം തിരിച്ചറിയും. ആധു നിക നാഗരികതയുടെ പ്രശ്നങ്ങളെക്കുറിച്ച് ഗാന്ധി ഹിന്ദ സ്വരാജിൽ പറഞ്ഞ കാര്യങ്ങൾ ഇന്ന് വളരെ പ്രസക്തമാണ്. തദ്ദേശീയമായ വിഭവങ്ങൾ, വിജ്ഞാനം, മനുഷ്യവിഭവശേഷി ഇതെല്ലാംകൊണ്ട് ജീവിക്കാൻ കഴിയും എന്നാണ് ഗാന്ധി പറ ഞ്ഞത്. വിഭവങ്ങൾ ഭൂമിയിൽ പരിമിതമായിക്കൊണ്ടിരിക്കു കയും മനുഷ്യന്റെ നിലനിൽപ്പുതന്നെ ഭീഷണിനേരിടുകയും ചെയ്യുന്ന ഇന്നത്തെക്കാലത്ത് ഹിന്ദ്സ്വരാജിന്റെ പ്രസക്തി

വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളതാപനം പോലെയുള്ള പ്രതിഭാസങ്ങളിലൂടെ പ്രകൃതി ഇന്ന് തിരിച്ചടിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ട് നിലനിൽക്കുന്ന വ്യവസ്ഥയ്ക്ക് അധികകാലം പിടിച്ചുനിൽക്കാൻ കഴിയില്ല എന്ന് ആഗോളസമൂഹത്തിന് ബോധ്യമായിരിക്കുന്നു. ഹിന്ദ്സ്വരാജിൽ ഗാന്ധി പറഞ്ഞ കാര്യങ്ങളിലേക്ക് പോകേണ്ടിവരുന്നത് അവിടെനിന്നുമാണ്. അത് ചിലപ്പോൾ ഗാന്ധിയുടെയോ ഹിന്ദ്സ്വരാജിന്റെയോ പേരിലായിരിക്കില്ല സംഭവിക്കുന്നത്.

**കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനങ്ങൾക്ക് കേരളീയ പൊതുസമൂഹത്തിന്റെ നിലപാടുകളിൽ സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ടോ? ഗാന്ധിയൻ സംഘടനകളുടെ ഇന്നത്തെ അവസ്ഥയെ എങ്ങനെ വിലയിരുത്തുന്നു?**

അറുപതുകളിൽ നിരവധി ഗാന്ധിയൻ സ്ഥാപനങ്ങൾ കേരളത്തിലുണ്ടായിരുന്നു. ഗാന്ധിയൻ നിർമ്മാണാത്മക പ്രവർത്തനങ്ങൾ ഇവിടെ നന്നായി നടന്നിരുന്നു. പക്ഷെ ഇന്ന് അവയൊന്നും കാണാനില്ല. ആരോ അതെല്ലാം കയ്യേറിയിട്ടുണ്ട്. കേരളത്തിലെ പല മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളേക്കാൾ ആസ്തിയുള്ള വിഭാഗമാണ് ഇവിടെയുള്ള ഗാന്ധിയൻ സംഘടനകൾ. എന്നാൽ വിഭവശേഷിക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരും നടത്തുന്നില്ല. പൂർണ്ണോദയ പബ്ലിക്കേഷൻസ് മാത്രമാണ് നല്ല രീതിയിൽ പ്രവർത്തിക്കുന്നത്. കുട്ടികളിലേക്ക് ഗാന്ധിസാഹത്യം എത്തിക്കുന്നതിൽ പൂർണ്ണോദയ വിജയിച്ചിട്ടുണ്ട്. കേരളത്തിൽ ഒരു സാന്നിദ്ധ്യമറിയിക്കുന്ന തരത്തിലുള്ള ഇടപെടലുകളൊന്നും മറ്റ് ഗാന്ധിയൻ സംഘടനകളിൽ നിന്നും വർഷങ്ങളായി ഉണ്ടാകുന്നില്ല. സർവ്വോദയമേളയെല്ലാം വഴിപാടുപോലെയാണ് നടക്കുന്നത്. ഒരു ലിറ്റർ മദ്യോപഭോഗം പോലും മദ്യനിരോധന സമിതിയുടെ പ്രവർത്തനം കൊണ്ട് കുറഞ്ഞിട്ടില്ല.

മദ്യത്തിൽ നിന്നുള്ള വരുമാനം കൊണ്ട് സർക്കാർ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്ന നാടാണ് കേരളം. പ്രവർത്തനങ്ങൾ നടത്താൻ ഇടമില്ലാത്തതിന്റെയോ വിഭവങ്ങളില്ലാത്തതിന്റെയോ പ്രശ്നമല്ല കേരളത്തിലെ ഗാന്ധിയൻ സംഘടനകൾക്ക് സംഭവിച്ചത്. അതിന്റെ പ്രവർത്തകർക്ക് കാഴ്ച്ചപ്പാടും ഇച്ഛാശക്തിയും ഇല്ലാതെ പോയതാണ് പ്രശ്നം.

ഗാന്ധിയെ പുതിയ രീതിയിൽ അവതരിപ്പിക്കാൻ കഴിയാത്തതും പ്രശ്നമാണ്. അതിനുള്ള ക്രാഫ്റ്റ്മാൻഷിപ്പ് ഗാന്ധിയൻ സംഘടനകൾക്കില്ല. പുതിയ കാലവുമായും പുതിയ കാലത്തിന്റെ പ്രതിസന്ധികളുമായും സംവാദത്തിലേർപ്പെടാതെ ഗാന്ധിയൻ ആശയങ്ങൾക്ക് കാലികമായ നിലനിൽപ്പില്ല. പഴയ സാങ്കേതികപദാവലികൾ ഉപേക്ഷിച്ച് ഗാന്ധിയെ കാണാൻ ശ്രമിച്ചാൽ കേരളത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ഏറ്റവും അനുയോജ്യമായിട്ടുള്ള പ്രസ്ഥാനം ഗാന്ധിയൻ പ്രസ്ഥാനമാണ്. അതിന് നിങ്ങൾ ഗാന്ധിയൻ ആവുകയല്ല വേണ്ടത്, അധികാരകാമനകളിൽ നിന്നും അകന്നുനിൽക്കുകയാണ് വേണ്ടത്. ഏത് ദർശനവും ഒരു ചതിക്കുഴിയാണ്. ഗാന്ധിയന്മാർ അതിൽപ്പെട്ടുപോയിരിക്കുന്നു. അതിൽ നിന്നും പുറത്തുവരാൻ അവർ ശ്രമിക്കണം.

**പുതിയ കാലവുമായി സംവദിക്കാൻ കഴിയുന്നതരത്തിൽ ഗാന്ധിയെ മനസ്സിലാക്കാൻ കഴിയുന്ന സാഹചര്യം ഇവിടെ നിലനിൽക്കുന്നുണ്ടോ? അതിനുതകുന്ന തരത്തിലുള്ള വിദ്യാഭ്യാസ പദ്ധതികൾ നമുക്കുണ്ടോ?**

നിലവിൽ അത്തരമൊരു സാഹചര്യം കേരളത്തിലില്ല. സാമൂഹികപ്രവർത്തനം പഠിക്കുന്ന (മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്) വിദ്യാർത്ഥികൾക്ക് പോലും ഗാന്ധിയെക്കുറിച്ച് പഠിക്കാനില്ല എന്ന വിവരം എന്നെ ഞെട്ടിക്കുന്നു. സാമൂഹിക പ്രവർത്തനത്തിന്റെ അഗ്നിപരീക്ഷണങ്ങളിലൂടെ ഇത്രയധികം



**നിങ്ങൾ ഗാന്ധിയൻ ആവുകയല്ല വേണ്ടത്, അധികാരകാമനകളിൽ നിന്നും അകന്നു നിൽക്കുകയാണ് വേണ്ടത്. ഏത് ദർശനവും ഒരു ചതിക്കുഴിയാണ്. ഗാന്ധിയന്മാർ അതിൽപ്പെട്ടുപോയിരിക്കുന്നു അതിൽ നിന്നും പുറത്തുവരാൻ അവർ ശ്രമിക്കണം**

കടന്നുപോയ ഒരാളെക്കുറിച്ച് സാമൂഹിക പ്രവർത്തനം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠിക്കാനില്ല എന്ന് പറയുന്നത് എത്ര ഭീകരമാണ്. ഗാന്ധിയൻ പഠനകേന്ദ്രങ്ങളുടെ സ്ഥിതിയും വ്യത്യസ്ഥമല്ല. അവരെല്ലാം ഗാന്ധിയെ സ്ഥാപനവത്കരിച്ചിരിക്കുകയാണ്. സ്ഥാപനവത്കരിച്ചിരിക്കുന്ന ഗാന്ധിയെ സ്ഥാപനങ്ങളിൽ നിന്നും പുറത്തുകൊണ്ടുവരാനുള്ള ശ്രമമാണ് വിദ്യാർത്ഥികൾ നടത്തേണ്ടത്. സ്ഥാപനങ്ങൾക്ക് പുറത്തുനിന്നും വിദ്യയാർജ്ജിച്ചയാളാണ് ഗാന്ധി. സ്ഥാപനങ്ങളിലൂടെയല്ലാതെ അദ്ദേഹം നേടിയെ അറിവിനെ സ്ഥാപനവത്കരിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ഏതൊരറിവും നശിക്കുന്നത് അതിനെ സ്ഥാപനവത്കരിക്കുമ്പോഴാണ്.

**അറിവിനെ സ്ഥാപനവത്കരിക്കുന്ന പ്രവർത്തിയാണല്ലോ ഇന്ന് ആധുനിക നാഗരികത പ്രധാനമായും ചെയ്തുകൊണ്ടിരിക്കുന്നത്?**

അതെ. എല്ലാ മേഖലകളിലും അത് സംഭവിക്കുന്നുണ്ട്. ഒരു ഉദാഹരണം പറയാം. സുകുമാർ അഴീക്കോട് മരിച്ചപ്പോൾ 'ഞങ്ങൾക്ക് വേണ്ടി അഴീക്കോട് ചിന്തിച്ചു' എന്ന് ഒരാൾ അനുസ്മരണ കുറിപ്പിൽ എഴുതി. ആധുനിക നാഗരികതയുടെ ജീർണ്ണത വെളിപ്പെടുത്തുന്ന ഒരു പ്രസ്താവനയായിരുന്നു അത്. എനിക്ക് വേണ്ടി അഴീക്കോട് ചിന്തിക്കുന്നു എന്നതുപോലെ നമുക്ക് വേണ്ടി ചിന്തിക്കാൻ മറ്റ് സ്ഥാപനങ്ങളെ നിർമ്മിക്കുന്ന പണിയാണ് ആധുനിക നാഗരികത ചെയ്തുകൊണ്ടിരിക്കുന്നത്. ആരോഗ്യത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാമാണെന്ന് ആരോഗ്യസ്ഥാപനങ്ങൾ തീരുമാനിക്കുന്നു. അറിവ് എന്താണെന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തീരുമാനിക്കുന്നു. സംസ്കാരത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാമാണെന്ന് സാംസ്കാരിക നായകന്മാർ തീരുമാനിക്കുന്നു. കൃഷി എന്താണെന്ന് കാർഷിക സർവ്വകലാശാല തീരുമാനിക്കുന്നു. സ്വേച്ഛാധിപത്യത്തേക്കാൾ ഭീകരമായ അവസ്ഥയാണ് ഈ സ്ഥാപനവത്കരണം. കെട്ടുറപ്പുള്ള സ്ഥാപനം എന്നത് ഫാസിസം തന്നെയാണ്. അത് രാഷ്ട്രീയ സംഘടനയായാലും മതസംഘടനയായാലും ഗാന്ധിയൻ സംഘടനയായാലും.

**സംഘടനകളെക്കുറിച്ചുള്ള ഗാന്ധിയുടെ വീക്ഷണം എന്തായിരുന്നു?**


സാമൂഹികതത്പരരായ വ്യക്തികളുടെ കൂട്ടായ്മയാണ് ഗാന്ധി സംഘടനകൊണ്ട് ഉദ്ദേശിച്ചത്. കോൺഗ്രസ് ആ ദിശയിലായിരുന്നില്ല എന്നതുകൊണ്ടാണ് അദ്ദേഹം കോൺഗ്രസിൽ നിന്നും അകന്നത്. സർവ്വ സേവാ സംഘം പോലെയുള്ള കൂട്ടായ്മകൾ രൂപീകരിക്കാനാണ് അവസാന കാലത്ത് അദ്ദേഹം ശ്രമിച്ചത്. സംഘടനകളേക്കാൾ വ്യക്തികൾക്കാണ് ഗാന്ധി പ്രാധാന്യം കൽപ്പിച്ചത്. മൂല്യാധിഷ്ഠിതമായ വ്യക്തികളുടെ സംഘങ്ങളെയായിരുന്നു അദ്ദേഹം സംഘടനയായി പരിഗണിച്ചത്. സമൂഹത്തിലെ അടിസ്ഥാന യൂണിറ്റായി വ്യക്തിയെയാണ് അദ്ദേഹം കണ്ടിരുന്നത്. കാൾ മാർക്സിനെപ്പോലെയുള്ളവർ വസ്തുവിനെയാണ് അടിസ്ഥാന യൂണിറ്റായി പരിഗണിച്ചത്. വ്യക്തികൾക്ക് മാർക്സിസത്തിൽ വലിയ പങ്കില്ലാതെപോകാനുള്ള കാരണവും അതാണ്. എന്നാൽ വ്യക്തികൾക്ക് ഊന്നൽ നൽകി എന്നതാണ് ഗാന്ധിയുടെ പ്രസക്തി.

**ഗാന്ധി പറയുന്ന മൂല്യാധിഷ്ഠിത സമൂഹം വർണ്ണാശ്രമ ധർമ്മങ്ങളിൽ അധിഷ്ഠിതമായിരുന്നു എന്നും ജാത്യാധികാര ശ്രേണിയെ പരിപാലിക്കുന്നതാണെന്നുമുള്ള വിമർശനം ഇന്നും പല ദളിത് പ്രസ്ഥാനങ്ങളും തുടരുന്നുണ്ടല്ലോ? ഗാന്ധിയന്മാരും ഗാന്ധിയൻ സംഘടനകളും വർണ്ണാശ്രമ ധർമ്മങ്ങളിൽ അധിഷ്ഠിതമായ ആ പാരമ്പര്യ അധികാരശ്രേണിയിൽ വിശ്വസിക്കുന്നവരായി തുടരുന്നുണ്ടോ?**

ഗാന്ധിയൻ സംഘടനകളുടെ കാര്യം എനിക്ക് അറിയില്ല. ഗാന്ധി വർണ്ണാശ്രമത്തിന്റെ സഹജമായ അവസ്ഥയെക്കുറിച്ചാണ് പറഞ്ഞിരുന്നത്. സഹജമായ അവസ്ഥയിൽ ഓരോ ആളുകൾക്കും ഓരോ തൊഴിലുണ്ടായിരുന്നു. ആ തൊഴിലുകൾ അധികാരവ്യവസ്ഥയിലേക്ക് വന്നപ്പോഴാണ് അവ ജാതി സ്വരൂപങ്ങളായി മാറിയത്. ജാതിസ്വരൂപങ്ങളായി മാറിയ ശേഷമാണ് അധികാരപ്രയോഗങ്ങളും അടിച്ചമർത്തലുകളും അതിൽ സംഭവിക്കുന്നത്. ആദ്യകാലത്ത് വർണ്ണാശ്രമധർമ്മങ്ങളുടെ സഹജാവസ്ഥയിൽ ഗാന്ധി വിശ്വസിച്ചിരുന്നുവെങ്കിലും പിന്നീട് അദ്ദേഹം അത് തിരുത്തിയിട്ടുണ്ട്. പിന്നെ ഗാന്ധിയും അംബേദ്കറും തമ്മിലുള്ള പ്രധാനവ്യത്യാസം അംബേദ്കർ മഹർ എന്ന താഴ്ന്ന ജാതിയിൽ ജനിച്ച് അതിന്റെ പീഡനങ്ങൾ നേരിട്ടനുഭവിച്ചയാളാണ്. ഗാന്ധി ഉയർന്ന ജാതിയായ വൈശ്യ സമുദായത്തിൽ ജനിച്ചയാളാണ്. ജാതിശ്രേണിയിലെ ഈ വ്യത്യാസം കൊണ്ടുതന്നെ അവർ അനുഭവിച്ച തീക്ഷണതകളും വ്യത്യാസപ്പെട്ടിരിക്കും. ജാതിശ്രേണിയെ നിലനിർത്തുന്ന അധികാരവ്യവസ്ഥയെ എതിർക്കുന്ന സമരങ്ങളായിരുന്നു ഗാന്ധിയുടെ സത്യാഗ്രഹങ്ങൾ. ഗാന്ധിയുടെ ചില അഭിപ്രായങ്ങൾ മാത്രമെടുത്ത് പരിശോധിച്ചാൽ ദളിത് വിരുദ്ധത നിങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞേക്കാം. എന്നാൽ ഗാന്ധിയുടെ ആകെ ജീവിതം തരുന്ന സന്ദേശം അതല്ല.

**എന്താണ് ഗാന്ധിയുടെ ജീവിതം തരുന്ന ആ സന്ദേശം?**

സത്യത്തിന്റെ ആയിരം സൂര്യതേജസ്സുള്ള മുഖം കാണാനുള്ള അന്വേഷണമാണ് ജീവിതം എന്നു പറഞ്ഞുകൊണ്ടാണ് ഗാന്ധി ആത്മകഥ അവസാനിപ്പിക്കുന്നത്. ആ അന്വേഷണത്തിന്റെ പാതയിലൂടെ സഞ്ചരിക്കുമ്പോഴാണ് നമുക്ക് ഗാന്ധിയെ പൂർണ്ണമായി മനസിലാകുന്നത്. ഞാനെന്ന വ്യക്തിയിലൂടെ കടന്നുപോയ ഗാന്ധിയെ അന്വേഷിക്കുന്നതിലൂടെ ഗാന്ധിയെ മനസിലാക്കാനാണ് ഓരോരുത്തരും ശ്രമിക്കേണ്ടത്. ഞാൻ അതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.



ചരിത്രത്തിൽ നിന്ന്

## ശാരീരികാധ്വാനത്തിന്റെ ആവശ്യകത

എന്നെ തെറ്റിദ്ധരിക്കാനിടയാകാതിരിക്കട്ടെ. ബൗദ്ധികാധ്വാനത്തിന്റെ മൂല്യത്തെ ഞാൻ അവഗണിക്കുന്നില്ല, എന്നാൽ പൊതുവായ ഉന്നമനത്തിന് വേണ്ടി നാമെല്ലാവരും തന്നെ നൽകേണ്ട ശാരീരികാധ്വാനത്തിന് അത് എത്രയളവിലായാലും പകരമാവില്ലതന്നെ. അത് ഒരുപക്ഷേ, പലപ്പോഴും അങ്ങിനെയാണെങ്കിലും, ശാരീരികാധ്വാനത്തെക്കാളും ഉത്കൃഷ്ടമായ ഒന്നാകാമെങ്കിലും, അതിന് പകരംവെക്കാവുന്ന ഒന്നല്ല, അങ്ങിനെയാകാനും സാധ്യമല്ല. ബൗദ്ധിക ആഹാരം നാം കഴിക്കുന്ന ഗോതമ്പിനെക്കാളും ഉത്കൃഷ്ടമായ ഒന്നാണെങ്കിൽ കൂടിയും അത് മറ്റേതിന് പകരമാവില്ല. തീർച്ചയായും ഭൂമിയിലെ ഉത്പന്നങ്ങളില്ലായെങ്കിൽ ബൗദ്ധികാധ്വാനം അസാധ്യമാവുകതന്നെ ചെയ്യും.

*- ഗാന്ധി, യങ്ഇന്ത്യ, 15-10-1925*